(ബി) അതെപ്പോൾ പൂർത്തിയാക്കാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പണിക്ക് ടെണ്ടറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച ഏക ടെണ്ടറിന്റെ നിരക്ക് വളരെ കൂടുതലായിരുന്നതിനാൽ അത് സ്വീകരിക്കാൻ കഴിഞ്ഞില്ല. ഈ ജോലിക്ക് കട്ടേഷൻ ക്ഷണിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുകളിൽ സൂചിപ്പിച്ച കാരണത്താൽ ഇക്കാര്യം ഇപ്പോൾ കൃത്യമായി പറയുക ബുദ്ധിമുട്ടാണ്.

മങ്ങാനം—അങ്ങാടി റോഡ്

380 [413] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്ങാനം—അങ്ങാടി റോഡ് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണമെന്നുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മങ്ങാനം—പുതുപ്പള്ളി അങ്ങാടി റോഡ് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട മെമ്പറുടെ 30—6—1986—ലെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

പുതുപ്പള്ളി പഞ്ചായത്തിലെ പാടം റോഡ്

381 [414] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡിവിഷനിലെ പുതുപ്പള്ളി പഞ്ചായത്തിലെ പാടം റോഡ് തികച്ചും ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയും വേഗം റോഡിന്റെ പണി ഏറ്റെടുത്ത് നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ റോഡ് ഗതാഗതയോഗ്യമാണ്. എന്നാൽ ഈ റോഡിൽ ആവശ്യമായ ചില ചെറിയ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

തലശ്ശേരി—നാദാപുരം റോഡ്

382 [415] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി—നാദാപുരം റോഡ് വീതികൂട്ടി നന്നാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly